ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കിയതിനെ തുടർന്ന് അവർക്ക് ജനറൽ പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം നൽകുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശാനുസരണം എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഹെഡ്കാർട്ടേഴ്സിൽനിന്നും തടസം നീക്കി ലഭിക്കാതെ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ നിർവാഹമില്ല എന്ന് അക്കൗണ്ടന്റ് ജനറൽ അറിയിച്ചതനുസരിച്ച് ഇക്കാര്യത്തിൽ അന്തിമ നടപടി ആയിട്ടില്ല. ഈ സാഹചര്യത്തിൽ ഇതിന്മേലുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനായി 11.11.1999-ലെ 10573/എച്ച്1/99/എൽ.എസ്.ജി.ഡി. നമ്പർ കുറിപ്പു പ്രകാരം ഇക്കാര്യം അക്കൗണ്ടന്റ് ജനറലുമായി ആലോചിച്ച് പഞ്ചായത്ത് ജീവനക്കാരെ ജി.പി.എഫ്.ൽ അംഗങ്ങളാക്കുന്നതിനും അതുവരെ ടി ജീവനക്കാരെ കെ.പി.ഇ.പി.എഫ്.ൽ തുടരാൻ അനുവദിക്കുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കാൻ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

117 (674) ഒഴിവുള്ള തസ്തികകളിൽ നിയമനം

ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ നടപടിയെടുക്കുമോ എന്ന് അറിയിക്കുമോ;

(ബി) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് മുഖേന നിയമനം നടത്താൻ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ;

(സി) പഞ്ചായത്തുകളിൽ ദിവസക്കൂലിക്ക് ജീവനക്കാരെ നിയോഗിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്തു വകുപ്പിൻകീഴിൽ വരുന്ന സ്ഥാപനങ്ങളിലും, വകുപ്പിലെ ജീവനക്കാർ ജോലി ചെയ്യുന്ന ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ ഓഫീസുകളിലേയും ഒഴിവുകളിൽ യഥാസമയം തന്നെ നിയമനം നടത്തിവരുന്നുണ്ട്.

(ബി) പി.എസ്.സി.ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് ഇപ്പോൾ നിയമനം നടത്തി വരുന്നത്.

(സി) 1997-ലെ കേരള പഞ്ചായത്ത്രാജ് (ഉദ്യോഗസ്ഥന്മാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ 3(8) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ അല്ലെങ്കിൽ കരാർ വ്യവസ്ഥയിലോ ആണ് താൽക്കാലിക നിയമനം നടത്തേണ്ടതായിട്ടുള്ളത്. പഞ്ചായത്തിന് ദിവസക്കൂലി നിയമനത്തിന് അനുമതി നൽകിയിട്ടില്ല. നേരത്തെ പഞ്ചായത്തുകൾ ദിവസക്കൂലിക്ക് നിയമിച്ചിരുന്നവരെ പിരിച്ചുവിടാൻ ഒരു ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly